**രാജ്നാഥ് സിംഗ്**
പർലമെന്റംഗം
(ലോക്സഭ)

**ഡിസംബർ 1, 2013**

ബഹുമാനപ്പെട്ട പ്രധാനമന്ത്രി

മണിപ്പൂർ സംസ്ഥാനത്ത് മ്യാൻമാറുമായുള്ളള അന്താരാഷ്ട്ര അതിർത്തിയിൽ നില നിൽക്കുന്ന പ്രത്യേക സ്ഥിതിവിശേഷത്തിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. മണിപ്പൂർ ബിജെപി പ്രസിഡന്റ് ചൗബാ സിംഗിന്റെ നേതത്വത്തിലുള്ള സംഘമാണ് ഇക്കാര്യം എന്റെ ശ്രദ്ധയിൽ കൊണ്ടുവന്നത്.

1. സൗത്ത് ഈസ്റ്റ് ഏഷ്യയിലെ ഒരു സ്വതന്ത്ര രാജഭരണ പ്രദേശമായിരുന്ന കാലത്ത് മണിപ്പൂർ സൗത്ത് ഏഷ്യൻ മേഖലയിലെ ഒട്ടേറെ രാജ്യങ്ങുമായി അതിർത്തി പങ്കിട്ടിരുന്നു. വടക്ക് ബ്രഹ്മപുത്രയുടെ തെക്കൻ അതിർത്തിവരെയും തെക്ക് ലുസായ് കുന്നുകൾ വരെയും കിഴക്ക് അന്നത്തെ ബർമ്മയിലെ ഇറാവാഡി-ചിന്ദ്വിൻ നദിയുടെ വടക്കൻ തീരം വരെയും കിഴക്ക് ആസാമിലെ  കച്ചർ വാപി ജിലകൾ വരെയും വ്യപിച്ചു കിടന്നിരുന്നു ഇതിന്റെ അതിർത്തി. (റിപ്പോർട്ട്, ഈസ്റ്റേൺ ഫ്രണ്ടിയർ ഓഫ് ബ്രിട്ടീഷ് ഇന്ത്യ: ക്യാപ്റ്റൻ ആർ.ബി.പെംബർട്ടൺ-1835)

2. ബ്രിട്ടീഷ് ഭരണകാലത്ത് മണിപ്പൂരിന്റെ അനുമതിയോ അറിവോ ഇല്ലാതെ ബ്രിട്ടൺ ബർമ്മയിലെ രാജഭരണകൂടങ്ങളുമായുണ്ടാക്കിയ കരാറുകളുടെയും മറ്റ് ധാരണകളുടെയും ഭാഗമായി ഈ രാജ്യത്തിന്റെ അതിർത്തി പലവട്ടം അവ്യവസ്ഥിതമായി മാറിമറിഞ്ഞു. 1826 ഫെബ്രുവരി 24-ന് ഒപ്പുവെച്ച യണ്ടാബോ സമാധാന കരാർ, 1834 ജനുവരി ഒമ്പതിന് ഏർപ്പെട്ട കബാവ് വാലിയെ സംബന്ധിച്ച സുന്യാച്ചി ഘട്ട് കരാറുമാണ് ഈ സംസ്ഥാനത്തിന്റെ ഇന്നത്തെ അതിർത്തിയായി മാറിയത്. ഇതിനെ തുടർന്ന് ഒരേ വംശക്കാർ അധിവസിച്ചിരുന്ന ഗ്രാമങ്ങൾ തമ്മിൽ വേർപെട്ടു. (12 താങ്കൂൽ ഗ്രാമങ്ങൾ സോമ്രാ ട്രാക്ടിലും അഞ്ചെണ്ണം കാംഗ്പാടിലും) ഇന്നുവരെ, ഈ സംഭവങ്ങളിൽനിന്നുള്ള മനോവേദന മണിപ്പൂർ ജനതയിൽ രാഷ്ട്രീയമായി എന്നും ജ്വലിച്ചുനിൽക്കുന്നു.

3. അന്നത്തെ ബ്രിട്ടീഷ് ഗവർണറും മണിപ്പൂർ രാജാവും തമ്മിൽ 1947-ൽ ഉണ്ടാക്കിയ ഇന്ത്യയുമായുള്ള ലയനക്കരാറിനു ശേഷം മണിപ്പൂരിന്റെ അതിർത്തികൾ സംരക്ഷിക്കേണ്ട ചുമതല ഇന്ത്യയുടേതായി മാറി.1967-ൽ ഉണ്ടാക്കിയ അന്താരാഷ്ട്ര കരാർ പ്രകാരം അതിർത്തി പരമ്പരാഗത അതിർത്തികൾ ആണ് രാജ്യാതിർത്തിയായി നിശ്ചയിക്കുകയായിരുന്നു.

4. എന്നാൽ 1975- ഏപ്രിൽ അഞ്ചിന് നടപ്പിലാക്കിയ അതിർത്തി പുനർനിർണയത്തിൽ സംസ്ഥാനത്തെ ഒരു ഉദ്യോഗസ്ഥരും പങ്കാളിയായിരുന്നില്ല. ബർമാ സർക്കാരിന്റെ ഉദ്യോഗസ്ഥരുടെ ആധിപത്യമായിരുന്നു ആ അതിർത്തി നിർണയ സമിതിയിൽ ഉണ്ടായിരുന്നത്. അന്നുമുതൽ ഇന്ത്യാ-മ്യാൻമാർ അതിർത്തി പ്രശ്നങ്ങൾ നിലനിൽക്കുന്നു. ലഭ്യമായ വിവരങ്ങൾ അനുസരിച്ച് 98 അതിർത്തിക്കല്ലുകൾ ഇന്ത്യാ-മ്യാൻമാർ അതിർത്തിയിലെ മണിപ്പൂർ മേഖലയിലുണ്ട്. ഇതിൽ തർക്കത്തിലുള്ള അതിരുകൾ തുയിവാംഗ് -മോൽചാം, താമു-മോർച്ച് മേഖല, ചോറോ ഖുനാവോ എന്നിവയാണ്. ആകെ 35കിലോ മീറ്റർ വരും തർക്ക പ്രദേശം. ഈ പ്രദേശങ്ങളിലെ അതിർത്തിക്കല്ലുകൾ കാണാ

നില്ല. മണിപ്പൂർ സർക്കാർ ഈ അതിർത്തി പ്രശ്നങ്ങൾക്കു പരിഹാരത്തിനു ശ്രമിച്ചെങ്കിലും വിജയിച്ചിട്ടില്ല.
5. സർവേ ഓഫ് ഇന്ത്യയും ഇന്ത്യാ-മ്യാൻമാർ അതിർത്തിയുടെ മാപ്പ് അച്ചടിച്ചിരിക്കുന്നതും രണ്ടുതരത്തിലാണ്.
മണിപ്പൂർ ജനത സംസ്ഥാനത്തിന്റെ അഖണ്ഡതയിലും അതിർത്തി പ്രശ്നത്തിലും ഏറെ വൈകാരികതയുള്ളവരാണ്. ഈ സാഹചര്യത്തിൽ അതിർത്തി പ്രശ്നത്തിന്റെപേരിൽ ജനങ്ങൾ ഏറെ പ്രക്ഷുബ്ധരാണ്.
ഈ സാഹചര്യത്തിൽ ബിജെപിയുടെ മണിപ്പൂർ ഘടകം 2013 ഒക്ടോബർ 22-ന് തർക്കസ്ഥലങ്ങളിൽ അവലോകനം നടത്തി. വിവരങ്ങൾ ശേഖരിച്ചു നടത്തിയശേഷം ബിജെപി സംസ്ഥാന ഘടകം ഇതെക്കുറിച്ച് ആഴത്തിൽ പഠിച്ചു വിശകലനം ചെയ്തു. ജനങ്ങൾക്കിടയിൽ ഉണ്ടായിരിക്കുന്ന ആപത്ശങ്കകൾ നീക്കാൻ യംഗോക്പിയിൽ നിർമ്മിച്ചിരിക്കുന്ന നാലു കിലോ മീറ്റർ ദൂരത്തിൽ തെറ്റായ അതിർ വേലിനിർമ്മാണ കാര്യത്തിൽ കേന്ദ്ര സർക്കാർ അടിയന്തിരമായി ഇടപെട്ട് തടയണം. അതിനാൽ, ബിജെപി വക്കുന്ന നിർദ്ദേശം ദേശീയ താൽപര്യത്തിനു വേണ്ടി കേന്ദ്ര സർക്കാർ ചെയ്യേണ്ടത് ഇതാണ് എന്ന നിഗമനത്തിൽ എത്തിയിരിക്കുന്നു.
1. അടിയന്തിരമായി അതിർത്തിയിലെ വേലി നിർമ്മാണം കേന്ദ്രം ഇടപെട്ട് തടയണം. കാരണം പരമ്പരാഗതമായി നമ്മുടെ ഭൂമിയിലാണ് അവർ അതിർ നിർമ്മിക്കുന്നത്. യംഗോക്പിയിലെ വന്യജീവി സംരക്ഷ കേന്ദ്രം പോലുള്ള സ്ഥലങ്ങൾ നമുക്കു നഷ്ടമാകാൻ അനുവദിച്ചുകൂടാ.
2. എത്രയും വേഗം പരമ്പരാഗത അതിർത്തി നിർണയ മാനദണ്ഡം അടിസ്ഥാനമാക്കി ജനപങ്കാളിത്തത്തോടെ അതിർത്തി അടയാളപ്പെടുത്തൽ നടത്തണം. സർവേ ഓഫ് ഇന്ത്യ തെറ്റായി അച്ചടിച്ചു വിതരണം ചെയ്യുന്ന മാപ്പുകൾ പിൻവലിക്കണം. ഗൂഗിൾ കമ്പനിയോടു തെറ്റായ മാപ്പു ലഭ്യമാക്കുന്നതു പിൻവലിക്കാൻ ആവശ്യപ്പെടണം.
3. പുതിയ അതിർത്തി നിർണ്ണയിക്കുമ്പോൾ ഇരു രാജ്യങ്ങളും യഥാർത്ഥ അതിർത്തിയിൽ നിന്ന് 10 കിലോ മീറ്റർ അകലമിട്ട് ആർക്കും അവകാശമില്ലാത്ത ഇടമായി നിലനിർത്തുകയോ ത്രിപുര ഇന്ത്യ-ബംഗ്ലാദേശ് അതിർത്തിയിൽ ഉണ്ടാക്കിയിരിക്കുന്നതുപോലെ കൃത്യമായ വേലി നിർമ്മാണം നടത്തുകയോ വേണം.
4. സംസ്ഥാന-കേന്ദ്ര ആഭ്യന്തര വകുപ്പുകൾ സംയുക്തമായി അതിർത്തി സംബന്ധിച്ച മുഴുവൻ രേഖകളും വിവിധ ഭാഷകളിലേക്ക് വിവർത്തനം ചെയ്ത് എല്ലാവർക്കും ലഭ്യമാകുന്ന രീതിയിൽ വിതരണം ചെയ്താൽ അത് ജനങ്ങൾക്കിടയിൽ ആത്മവിശ്വാസം ഉണ്ടാക്കാൻ ഇടയാക്കും.

അടിയന്തിരമായി ഈ വിഷയം പരിഗണിച്ച് വേണ്ട നടപടികൾ കൈക്കൊള്ളാൻ കേന്ദ്രം തയ്യാറാകുമെന്ന് പ്രതീക്ഷിച്ചുകൊണ്ട്

**(രാജ് നാഥ് സിംഗ്)**

**ടു,**
**ഡോ. മൻമോഹൻ സിംഗ്**
**ബഹുമാന്യ പ്രധാനമന്ത്രി**
**ന്യൂദൽഹി**